# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2285 12.06.2018-ലെ മറുപടിക്ക്

## ദേശീയ പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| | **ശ്രീ. പി.സി.ജോർജ്** | **ഡോ. തോമസ് ഐസക്** <br> **ബഹു. ധനകാര്യവും കയറും വകുപ്പമന്ത്രി** |
| (എ) | നാളിതുവരെ സംസ്ഥാനത്ത് എത്ര യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര തുക നിക്ഷേപിച്ചിട്ടുണ്ട് വ്യക്തമാക്കാമോ; | 2018 മാർച്ച് 31 വരെ ദേശീയ പെൻഷൻ പദ്ധതിയിൽ യൂണിവേഴ്സിറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ ആകെ **34** സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ **19,507** ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ എൻ.പി.എസ് വിഹിതമായി (തൊഴിലാളി വിഹിതവും തൊഴിലുടമ വിഹിതവും ഉൾപ്പെടെ)31.03.2018 വരെ ആകെ **133,22,34,965/-** രൂപ നിക്ഷേപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ ദേശീയ പെൻഷൻ പദ്ധതി നല്ല രീതിയിൽ നടപ്പിലാക്കിയതിന് സംസ്ഥാന സർക്കാരിന് എന്തെങ്കിലും ദേശീയ ബഹുമതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | അൻപതിനായിരത്തിൽ താഴെ എൻ.പി.എസ് വരിക്കാരുള്ള സംസ്ഥാന സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭാഗത്തിൽ മികച്ച പ്രകടനം നടത്തിയ സംസ്ഥാനത്തിനുള്ള ബഹുമതി 19.12.2016 തീയതിയിൽ സംസ്ഥാന സർക്കാരിനു പി.എഫ്.ആർ.ഡി.എ-യിൽ നിന്നും ലഭിക്കുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**